(c) what are the immediate requests made by the Association and its President ;

(d) have Government taken any decision ?

Chief Minister (**Shri R. Sanker**) :

(a) Yes.

(b) No.

(c) A copy of the Memorandum dated 7-11-1962 containing the immediate requests of the Association is placed on the table. †

(d) Decision has been taken on many of the requests. Some are still under consideration.

ബസ്സ് റൂട്ടുകളുടെ ദേശവൽക്കരണം.

* 286. [42] . ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത സാമ്പത്തികവർഷത്തിൽ കോട്ടയം ഡിസ്ട്രിക്ടിൽ ഏതെങ്കിലും ബസ്സ് റൂട്ടുകൾ ദേശവൽക്കരിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ചങ്ങനാശ്ശേരി-കുമിളി റൂട്ടിനു മുൻഗണന കൊടുക്കുവാൻ ആലോചിക്കുമോ ?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) തീരുമാനിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

UNSTARRED QUESTIONS AND ANSWERS

വയനാട് വികസന സർവ്വെ.

39. [2] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

മൂന്നാം പദ്ധതിക്കാലത്തുതന്നെ പൂർത്തീകരിക്കത്തക്കവിധത്തിൽ വയനാട് താലൂക്കുകളുടെ ഒരു വികസന സർവ്വെ സമഗ്രമായി നടത്തുവാൻ ഗവണ്മെന്റിനു ഭയവുണ്ടാകുമോ ?

ഉത്തരം.

മൂന്നാം പദ്ധതിയിൽ വയനാട് താലൂക്കുകളുടെ വികസനസർവ്വെ നടത്തുവതിനുവേണ്ടി ഒരു സ്കീം ഉൾപ്പെടുത്തിയിട്ടില്ല. ഇപ്രകാരം ഒരു സർവ്വെ നടത്തുവാൻ ഗവണ്മെന്റു് ഉദ്ദേശിക്കുന്നില്ല.

പബ്ലിക് സർവീസ് കമ്മീഷനാഫീസിലെ വിവിധ ജോലിക്കാർ.

40. [7] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963 ഡിസംബർ 31—ാം തീയതി പബ്ലിക് സർവീസ് കമ്മീഷനാഫീസിൽ വിവിധ തസ്തികകളിൽ എത്രപേർ ജോലിയുള്ളവരുണ്ട് ;

(ബി) അവരിൽ ഓരോ സമുദായത്തിലുംപെട്ടവരെത്ര ;

(സി) കുറവുകൾ കൂട്ടത്തിൽ ആരെങ്കിലും ലോവർ ഡിവിഷൻ ക്ലാർക്കായിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അവരെ നിയമിക്കുന്നതിന് ഭയവുണ്ടാകുമോ ?

† Appendix III.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX VI

[Please see answer to Starred Question No. 285 [36]]

കേരള മുഖ്യമന്ത്രി സമക്ഷം;

കേരള പ്രൈവറ്റ് ടീച്ചേഴ്സ് ഫെഡറേഷൻ സമർപ്പിക്കുന്ന മെമ്മോറാണ്ടം:—

സർ,

ഇതിനുമുൻപു് പലപ്പോഴും ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതും അടിയന്തിരമായ പരിഹാരം കാണേണ്ടതുമായ താഴെ പറയുന്ന പ്രശ്നങ്ങളും അങ്ങയുടെ അനുഭാവപൂർണ്ണമായ പരിഗണനയും, അനുകൂലമായ തീരുമാനത്തിനുംവേണ്ടി സമർപ്പിക്കുന്നു:

1) വിദ്യാഭ്യാസ നിയമത്തിലെ പന്ത്രണ്ടാം വകുപ്പനുസരിച്ചു് നടപ്പാക്കിയിട്ടുള്ളതായി പ്രഖ്യാപിച്ച പെൻഷൻ, പ്രോവിഡൻറ്ഫണ്ടു്, ഇൻഷ്വറൻസു്, ഫസ്റ്റു് ഗ്രേഡു്, ഹെഡ്മാസ്റ്റേഴ്സ് സ്കെയിൽ എന്നിവ പ്രായോഗികത്തിൽ വന്നിട്ടില്ല. അവ അടിയന്തിരമായി നടപ്പാക്കുന്നതിനു് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നു് അഭ്യർത്ഥിക്കുന്നു.

2) വിദ്യാഭ്യാസനിയമത്തിൽ പന്ത്രണ്ടാംവകുപ്പു് ഭേദഗതിചെയ്യുന്നതിനുമുൻപു് ശമ്പളം, അലവൻസു് തുടങ്ങിയ കാര്യങ്ങളിൽ സർക്കാർ സ്കൂൾ അദ്ധ്യാപകന്മാരുമായി തുല്യത അനുവദിച്ചിരുന്നു. എന്നാൽ ഭേദഗതിയോടെ അതു് നഷ്ടപ്പെട്ടിരിക്കുകയാണു്. എൻ. ജി. ഒ. മാർക്കും സർക്കാർസ്കൂൾ അദ്ധ്യാപകർക്കും അനുവദിച്ച വീട്ടുവാടക അലവൻസും, സ്പെഷ്യൽ ഡിയർനസ് അലവൻസും പ്രൈവറ്റു് സ്കൂൾ അദ്ധ്യാപകർക്കു് നിഷേധിച്ചിരിക്കുകയാണു്. ഇതു് പ്രൈവറ്റു്സ്കൂൾ അദ്ധ്യാപകരുടെ സാമ്പത്തിക പ്രശ്നം മാത്രമല്ല, അന്തസ്സിന്റെ പ്രശ്നംകൂടിയാണു്. തുല്യജോലിക്കു് തുല്യവേതനം എന്ന തത്വം അംഗീകരിച്ചു്, ഈ അലവൻസുകളും പ്രൈവറ്റു് സ്കൂൾ അദ്ധ്യാപകർക്കും, നോൺ ടീച്ചിംഗ് സ്റ്റാഫിനുംകൂടി ബാധകമാക്കേണ്ടതാണു്.

3) സംഘടനകളുടെ അംഗീകാരം സംബന്ധിച്ചു് പുറപ്പെടുവിച്ചിട്ടുള്ള ഗവണ്മെൻറുത്തരവു് ഒരു ജനാധിപത്യഗവണ്മെൻറിന്റെ സമീപനത്തിനു് ചേരാത്തതും, ബഹുജനസംഘടനകളുടെ ജനാധിപത്യപരമായ പ്രവർത്തനത്തിനു് തടസ്സമുണ്ടാക്കുന്നതുമാണു്. അതുകൊണ്ടു് കല്പന പിൻവലിക്കുകയും നിലവിലുള്ള എല്ലാ പ്രധാന സംഘടനകൾക്കും അംഗീകാരം നൽകുകയും ചെയ്യണം.

4) മലബാർ ഏരിയായിൽ നല്ല ഒരു വിഭാഗം അദ്ധ്യാപകരുടെ അണ്ടെയിൻഡു് സർവ്വീസു്, വെയിറേറജു് നിശ്ചയിക്കുന്ന കാര്യത്തിൽ പരിഗണിച്ചിട്ടില്ല. അതുകൊണ്ടു് ശമ്പളനിർണ്ണയത്തിൽ അത്തരം അദ്ധ്യാപകർക്കു് വലിയ നഷ്ടമുണ്ടു്. തിരുവിതാംകൂർ—കൊച്ചിയിൽ ഇത്തരം സർവ്വീസു് പരിഗണിച്ചിട്ടുണ്ടു്. ഈ സ്ഥിതിയിൽ മലബാറിലെ അദ്ധ്യാപകരുടെ അണ്ടെയിൻഡു് സർവ്വീസു് പരിഗണിച്ചു വെയിറേറജു് നൽകുന്നതു് കേവലം നീതി മാത്രമാണു്.

5) സർക്കാർ സർവ്വീസിലുള്ള അദ്ധ്യാപകർക്കു രണ്ടുവർഷം സർവ്വീസു് കഴിഞ്ഞാൽ ഇംക്രിമെൻറു് ലഭിക്കും. പ്രൈവറ്റു്സ്കൂൾ അദ്ധ്യാപകർക്കു് ഇന്നുള്ള ചട്ടങ്ങളനുസരിച്ചു് അഞ്ചും, ആറും വർഷങ്ങൾ കഴിഞ്ഞാലും ഇംക്രിമെൻറു് കിട്ടാറില്ല. അതുകൊണ്ടു് ഒരുവർഷം സർവ്വീസു് പൂർത്തിയായാൽ ഇംക്രിമെൻറു് ലഭിക്കത്തക്കവിധം കെ. ഇ. ആർ.-ൽ ഭേദഗതി വരുത്തണമെന്നു് അഭ്യർത്ഥിക്കുന്നു.

6) മാനേജർമാർക്കു് നൽകിയിട്ടുള്ള അനിയന്ത്രിതമായ അവകാശം ആവർത്തിച്ചു് ട്രെയിനിയോഗം ചെയ്യുവരുന്നതു് അദ്ധ്യാപകർക്കും ഡിപ്പാർട്ടുമെൻറിനും വൈഷമ്യങ്ങൾ സൃഷ്ടിക്കുന്ന യാഥാർത്ഥ്യത്തെ മുൻനിറുത്തി മുൻകൂട്ടിയുള്ള അനുവാദംകൂടാതെ സസ്പെൻറുചെയ്യാതിരിക്കത്തക്കവിധം നിയമം ഭേദഗതി ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly

7) ആക്ട്റും റൂളും അനുസരിച്ച് ഡിപ്പാർട്ടുമെൻറും ചിലപ്പോൾ ഗവണ്മെൻറും നൽകിയിട്ടുള്ള പല ഉത്തരവുകളും മാനേജ്മെൻറുകളും നടപ്പിലാക്കിയിട്ടില്ല. അങ്ങനെയുള്ള കേസുകളിൽ ഡിപ്പാർട്ടുമെൻറ് ശക്തമായ നടപടികളും സ്വീകരിക്കുന്നുമില്ല. ഇതു് വിദ്യാഭ്യാസരംഗത്തു് പൊതുവിൽ വിഷമാവസ്ഥ ഉളവാക്കുന്നുണ്ടു്. അങ്ങനെയുള്ള കേസുകളിൽ ചട്ടങ്ങളനുസരിച്ചു് മാനേജ്മെൻറിന്റെ മേൽ നടപടിയെടുക്കാനും ആവശ്യമായ കേസുകളിൽ ഒരു മാതൃക എന്ന നിലയ്ക്കു് വിദ്യാഭ്യാസ ആക്ടിന്റെ 14-ാം വകുപ്പ് അനുസരിച്ചുള്ള നടപടികളെടുക്കാനും പ്രത്യേക നിർദ്ദേശം നൽകണം.

8) സൂപ്പർ ന്യൂമററിയായി നിന്നുജീവിക്കുന്ന അദ്ധ്യാപകർക്കു് ശമ്പളം കൊടുക്കുന്നതു് ഗവണ്മെൻറിനു് നഷ്ടവും അദ്ധ്യാപകർക്കു തന്നെ പ്രയാസമുള്ളതുമാണു്. അവരെ ഗവണ്മെൻറ് സർവ്വീസിലേക്കു് എടുക്കാൻ ആവശ്യമായ കൽപ്പനകളും പുറപ്പെടുവിക്കണം.

9) സിലബസ് പരിഷ്കരണംകൊണ്ടു് ക്രാഫ്റ്റ് അദ്ധ്യാപകരിൽ ധാരാളംപേർ പെർമനൻറായിരുന്നവരുംപ്പെടെ പാർട്ടൈം ടീച്ചർമാരായിത്തീരാനിടയുണ്ടു്. അങ്ങനെയുള്ളവർക്കു് ആക്ടിലെ 13-ാം വകുപ്പ് അനുസരിച്ചുള്ള സംരക്ഷണം നൽകുകയും ഫുൾടൈം ആയി തുടരാനനുവദിക്കുകയും ചെയ്യണം.

10) 1961-62 സ്കൂൾ വർഷത്തിൽ നിയമിച്ചു് എട്ടു് മാസത്തിൽ കൂടുതൽ സർവ്വീസില്ലാത്തതുകൊണ്ടു് വർഷാവസാനത്തിൽ പിരിച്ചുവിടപ്പെട്ട യു. പി. എസ്. ലെ മോഷാദ്ധ്യാപകർക്കുകൂടെ സംരക്ഷണം നൽകത്തക്കവിധം ജി. ഒ. യുടെ വിശദീകരണം ഉടനെ നൽകേണ്ടതാണു്.

11) പ്രൈവറ്റ് സ്കൂൾ നോൺടീച്ചിംഗ് സ്റ്റാഫിന്റെ സേവനങ്ങൾക്കു് വ്യവസ്ഥയുണ്ടാക്കുന്ന ചട്ടങ്ങൾ തയ്യാറായി നടപ്പിലാക്കണം.

12) മാനേജ്മെൻറിനു് കൂടുതൽ അധികാരം നൽകുന്നതിനുള്ള ഗവണ്മെൻറിന്റെ ഇടർച്ചയെയുള്ള നീക്കത്തെ അദ്ധ്യാപകർ ഉൽക്കണ്ഠയോടെയാണു് വീക്ഷിക്കുന്നതു്. ലീവ് ശമ്പാർശചെയ്യാനും, സർവ്വീസ് ബുക്കിൽ?

നടത്താനും സ്പെഷ്യൽ ഫീസ് ഫണ്ടു് കൈകാര്യം ചെയ്യുന്നതിൽ ഉത്തരവാദിത്വം പങ്കിടാനും മാനേജർമാരെ അധികാരപ്പെടുത്തിക്കൊണ്ടു് ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി പിൻവലിക്കണം.

13) വിദ്യാഭ്യാസ ആക്ടിൽ ഇനിയും നടപ്പിലാക്കിയിട്ടില്ലാത്ത നിർബ്ബന്ധിത പ്രാഥമികവിദ്യാഭ്യാസം സംബന്ധിച്ച നിയമങ്ങളും നടപ്പാക്കുകയും ലോക്കൽ അതാരിറ്റികളും സംഘടിപ്പിക്കുകയും ചെയ്യണം.

14) വിദ്യാഭ്യാസ ഉപദേശകസമിതിയിൽ അദ്ധ്യാപകസംഘടനകൾക്കു് പ്രാതിനിദ്ധ്യം നൽകണം.

15) മൂന്നു് മാസത്തിലൊരിക്കൽ അദ്ധ്യാപക സംഘടനാപ്രതിനിധികളെ വിളിച്ചുകൂട്ടി പ്രശ്നങ്ങളും ചർച്ചചെയ്തിരുന്ന മുൻസംപ്രദായം വീണ്ടും തുടർന്നു നടപ്പാക്കാൻ കൺട്രോളിംഗ് ആഫീസർമാർക്കു് നിർദ്ദേശം നൽകണം.

16) ഒരുവർഷം സർവ്വീസ് തികയുന്ന അദ്ധ്യാപകർക്കു് ഗവണ്മെൻറ് സർവ്വീസിലെപ്പോലെ ഇംക്രിമെൻറ് നൽകുകയും അതു് അദ്ധ്യാപകരുടെ ഒരു അവകാശമായി അംഗീകരിക്കുകയും ചെയ്യണം.

17) 1959-ൽ കെ. ഇ. ആർ. നടപ്പായിവരുന്നതിനു് മുമ്പു് മലബാറിൽ നിലനിന്നുവന്ന പഴയ സംപ്രദായമനുസരിച്ചു് ഒരു സ്കൂളിൽ നിന്നു് മറ്റു് സ്കൂളിൽ ചേർന്ന അദ്ധ്യാപകർക്കു് നിയമത്തിന്റെ ദോഷം വരാത്തവിധം വെയിറേജ് അനുവദിക്കണം.

18) ഈ മെമ്മോറാണ്ടത്തിൽ ഉന്നയിച്ചിരിക്കുന്ന കാര്യങ്ങളെപ്പറ്റി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുംപ്പെടെ ചർച്ചചെയ്യുന്നതിനു് ഒരു അവസരമുണ്ടാക്കിത്തരണമെന്നും അഭ്യർത്ഥിക്കുന്നു.

തിരുവനന്തപുരം,
7-11-1962.

ഒപ്പു്
ജനറൽ സെക്രട്ടറിക്കുവേണ്ടി
(ശരിപ്പകർപ്പു്)

(സീൽ)

LIBRARY ARCHIVES Kerala Legislative Assembly